(ബി) പ്രസ്തുത പദ്ധതിക്ക് ഫണ്ട് നൽകുന്നത് ഏത് ഏജൻസിയാണ്, എന്ത് തുകയാണ് നീക്കിവക്കുന്നത് ;

(സി) ഈ പദ്ധതിക്ക് വേണ്ടി അപ്രോച്ച് റോഡ് നിർമ്മാണത്തിനായി അഞ്ചുതെങ്ങ്, വക്കം എന്നീ പഞ്ചായത്തുകളിൽനിന്നും സ്ഥലം ഏറ്റെടുത്ത് നൽകാമെന്ന് ഉറപ്പ് നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുവേണ്ടി റവന്യൂ വകുപ്പ് വഴി സ്ഥലം അളന്ന് വിലയ്ക്ക് വാങ്ങി പാലത്തിന്റെ അപ്രോച്ച് റോഡിന് വേണ്ടിയുള്ള നടപടികൾ നടന്ന് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ&ബി) തയ്യാറാക്കിയിട്ടുണ്ട്. വക്കം ഗ്രാമപഞ്ചായത്തിനെയും അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കായിക്കര പാലം നിർമ്മിക്കുന്നതിന് 1925 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നബാർഡ് ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി ലഭ്യമാക്കുന്നതിന് തയ്യാറാക്കിയിരുന്നു. എന്നാൽ ടി പ്രവൃത്തിക്ക് സ്ഥലം ലഭ്യമല്ലാത്തതിനാൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല.

(സി) ടി സ്ഥലം ഏറ്റെടുത്ത് ലഭ്യമാക്കേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. നബാർഡ് ഗൈഡ്ലൈൻസ് പ്രകാരം പ്രവൃത്തിക്കാവശ്യമായ സ്ഥലം പൂർണ്ണമായും ഏറ്റെടുത്താൽ മാത്രമേ പദ്ധതിക്ക് നബാർഡ് അംഗീകാരം ലഭിക്കുകയുള്ളൂ.

## മണലിന്റെ വില വർദ്ധന

128 (3760) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന മണലിനേക്കാൾ, പോർട്ട് അധീനതയിലുള്ള മണലിന് പോർട്ട് അധികൃതർ ഇരട്ടിയോളം വില നിശ്ചയിച്ച് വിൽപന നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ അപാകത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തുറമുഖ ചാനലുകളിൽനിന്നും മാന്വൽ ഡ്രഡ്ജിംഗ്വഴി കിട്ടുന്ന ഡ്രഡ്ജിംഗ് മെറ്റീരിയലിന്റെ വിൽപ്പന നിർണ്ണയിക്കുന്നത് ടെണ്ടർ പ്രക്രിയയിലൂടെയാണ്. 2013 സെപ്റ്റംബറിൽ മാന്വൽ ഡ്രഡ്ജിംഗിനുവേണ്ടി നടത്തിയ ടെണ്ടർ മുഖേന ലഭിച്ച നിരക്കുകളും സൊസൈറ്റികൾ സമർപ്പിച്ച പരാതികളും കോടതി ഉത്തരവുകളും പരിഗണിച്ചാണ് ഓരോ തുറമുഖത്തേയും നിരക്കുകൾ നിശ്ചയിച്ചിരിക്കുന്നത്.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly